**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4426** **01-07-2024 - ൽ മറുപടിയ്ക്ക്**

**പുതിയ വ്യവസായ സംരംഭകർക്ക് നൽകുന്ന സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുന്നത് സുഗമമാക്കുന്നതിനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും പുതിയ വ്യവസായ സംരംഭകർക്ക് നൽകിയിട്ടുള്ള സേവനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | കേരളത്തിന്റെ സാമ്പത്തിക വളർച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനവുമായി ബന്ധപ്പെട്ടതായതിനാൽ ഈ മേഖലയിൽ ഉദ്പാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും, ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിക്കൊണ്ടിരിക്കുന്നു. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകിയും, വ്യവസായം തുടങ്ങാൻ ആവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകുകയും വഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിക്കൊണ്ടിരിക്കുന്നു.<br><br>കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനം ലക്ഷ്യമാക്കിക്കൊണ്ട് കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2018 നടപ്പിലാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു സംരംഭത്തിനാവശ്യമായ എല്ലാ ലൈസൻസുകളും ക്ലിയറൻസുകളും ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് K-SWIFT സോഫ്റ്റ് വെയർ നിലവിലുണ്ട്.<br><br>2019 ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിയമസഭ അംഗീകരിക്കുകയും തുടർന്ന് നിയമം നടപ്പിൽ വരികയും ചെയ്തു. ഈ നിയമപ്രകാരം സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽ നിന്ന് പുതിയതായി ആരംഭിക്കുന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽപ്പെടാത്ത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ മൂന്ന് വർഷത്തേക്ക് ഒഴിവാക്കിയിട്ടുണ്ട്. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തിരം സ്വീകരിച്ച് ഭൗതിക പരിശോധന ഇല്ലാതെ ഉടൻ തന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്ന് വർഷമാണ് കാലാവധി. മൂന്ന് വർഷത്തിന് ശേഷം 6 മാസത്തിനകം അനുമതികൾ സംരംഭകൻ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്. കൈപ്പറ്റ് സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ, അപ്രകാരമുള്ള കൈപ്പറ്റ് സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള നമ്പർ അതിൽ വ്യക്തമാക്കിയിട്ടുള്ള കാലയളവിലേക്ക് മാത്രം കെട്ടിടത്തിനു നൽകപ്പെട്ട താൽക്കാലിക നമ്പരായി കരുതപ്പെടുന്നതാണ്.<br><br>സംരംഭകർക്കാവശ്യമായ സഹായങ്ങൾ നൽകുന്നതിലേക്കായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ സെല്ലുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിനും അവയെ കെ-സ്വിഫ്റ്റ് ഏകജാലക സംവിധാനവുമായി ഏകോപിപ്പിക്കുന്നതിനും ഉള്ള നടപടികൾ ത്വരിത ഗതിയിൽ സ്വീകരിച്ചു വരുന്നുണ്ട്.<br><br>കൂടാതെ സേവനങ്ങളും മറ്റു വിവരങ്ങളും സംരംഭകരിൽ എത്തിക്കുന്നതിനായി വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ പേജ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ പരിശോധനകൾ ഏകീകരിക്കുന്നതിനായി K-CIS സംവിധാനം നിലവിൽ വന്നിട്ടുണ്ട്.<br><br>പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിന് വേണ്ടി വിവിധങ്ങളായ സൗകര്യങ്ങൾ വ്യവസായ വാണിജ്യ വകുപ്പ് ഒരുക്കിയിട്ടുണ്ട്. |

1. തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ സംരംഭക വർഷം പദ്ധതിയുമായി ബന്ധപ്പെട്ട് പദ്ധതികളുടെ നടത്തിപ്പിനായി 1153 എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവുകളെ നിയമിച്ചിട്ടുണ്ട്. ഇവരുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചിട്ടുണ്ട്.
2. വ്യവസായ വകുപ്പിനു കീഴിലുള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർ പ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും, അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.
3. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചിട്ടുണ്ട്.
4. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്.

ജില്ലാ-താലൂക്ക്-തദ്ദേശ സ്ഥാപന തലങ്ങളിലുള്ള ഈ സംവിധാനങ്ങൾ വഴി സംരംഭകർക്കാവശ്യമായ എല്ലാ സഹായങ്ങളും ലഭ്യമാക്കുന്നതാണ്.

സംരംഭകർക്ക് വിവിധ വകുപ്പുകളിൽ നിന്നുള്ള അനുമതികൾ ലഭിക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി 2022 ലെ 19-ാം നമ്പർ ആക്ട് പ്രകാരം 1999 ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡവലപ്മെന്റ് ആക്ട്, 1999 (2000 ലെ നിയമം 5)ന്റെ ഭേദഗതി വഴി നിലവിൽ വന്നിട്ടുള്ള സംവിധാനമാണ് പരാതി പരിഹാര സംവിധാനം (Grievance Redressal System). ഈ നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾ മുഖേനയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. 10 കോടി രൂപ വരെ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ജില്ലാ കമ്മിറ്റിക്കും 10 കോടിയിൽ കൂടുതൽ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും ജില്ലാ കമ്മിറ്റിയുടെ തീരുമാനത്തിൻമേലുള്ള അപ്പീലും സംസ്ഥാന കമ്മിറ്റിക്കുമാണ് നൽകേണ്ടത്. ഈ സംവിധാനം കാര്യക്ഷമമായും സമയബന്ധിതമായും പ്രവർത്തിപ്പിക്കുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്.

**<u>സംരംഭകരെ സഹായിക്കുന്നതിനായി ചുവടെ പറയുന്ന ധനസഹായ പദ്ധതികൾ നിലവിലുണ്ട്</u>**

1. സംരംഭക സഹായ പദ്ധതി (ESS)

2. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ്

3. ഒരു കുടുംബം, ഒരു സംരംഭം പദ്ധതി

4. മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി

5. നിലവിലുള്ള സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള സഹായം

6. കരകൗശല വിദഗ്ധർക്കുള്ള സഹായ പദ്ധതി (ആശ)

7. പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (PMEGP)

8.പ്രധാനമന്ത്രിയുടെ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ പദ്ധതി (പി.എം.എഫ്.എം.ഇ. പദ്ധതി)

**<u>പശ്ചാത്തല സൗകര്യങ്ങൾ</u>**

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ഉടമസ്ഥതയിലുള്ള വ്യവസായ വികസന ഏരിയ/ പ്ലോട്ട്കളിലെ പാർക്കുകളിൽ നിക്ഷേപകരെ ആകർഷിക്കുന്നതിനും മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ ജലം, റോഡ് ഗതാഗതം, വൈദ്യുതി, സുരക്ഷ ഉറപ്പാക്കുന്നതിനായി ചുറ്റുമതിൽ മതിൽ, ഗേറ്റ്, മാലിന്യ സംസ്കരണത്തിനായി Common Effluent Plant, വൈദ്യുത തടസ്സം ഒഴിവാക്കുന്നതിനായി Power Feeder എന്നിവ സജ്ജമാക്കുന്നു. 'Improving infrastructure in existing DA/DP' എന്ന പദ്ധതി പ്രകാരം ഓരോ വർഷത്തെയും ബഡ്ജറ്റ് വിഹിതത്തിന്റെ അടിസ്ഥാനത്തിൽ വർഷംതോറും ഇതിനായി ഫണ്ട് വിനിയോഗിക്കുന്നു.

വ്യവസായ വളർച്ചയ്ക്ക് അനുയോജ്യമായ ഭൂമിയുടെ ദൗർലഭ്യം എന്ന കുറവ് പരിഹരിച്ച് വ്യവസായ വികസനത്തിന് കുതിപ്പ് നൽകാൻ പാകത്തിലും സംസ്ഥാനത്തെ യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുക എന്ന ലക്ഷ്യവും ആയതിനൊപ്പം വ്യവസായിക മേഖലയിൽ കൂടുതൽ നിക്ഷേപം നേടുന്നതിന് പ്രായോഗിക തലത്തിൽ പരിഷ്കരിച്ച നയത്തിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി. നാളിതുവരെ 22 പേർക്ക് ഡെവലപ്പർ പെർമിറ്റ് നൽകിയിട്ടുണ്ട്.

വ്യവസായ ആവശ്യത്തിനായി സ്ഥലലഭ്യതയുടെ കുറവ് പരിഹരിക്കുന്നതിനായും സംസ്ഥാനത്തുടനീളമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ഉപയുക്തമാക്കി ക്യാമ്പസ് വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതു വഴി വിദ്യാർത്ഥി സമൂഹത്തിൽ വ്യവസായ സംരംഭകത്വം വളർത്താനും, വ്യവസായ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താനും കഴിയുന്നതാണെന്നുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ആവിഷ്കരിച്ചിരിക്കുന്ന നവീന പദ്ധതിയാണ് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി.

സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും, കേരളത്തിനെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കുന്നതിന്റെ ഭാഗമായുള്ളതാണ് 2023 -ലെ ഇൻഡസ്ട്രിയൽ പോളിസി. പുതിയ വ്യവസായ നയത്തിന്റെ ഭാഗമായിട്ടുള്ള സുസ്ഥിര വ്യവസായ ഇൻസെന്റീവ് സ്കീമിൽ 22 മുൻഗണനാ മേഖലകൾക്ക് 18 ഇൻസെന്റീവ് സബ്സിഡി പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. പ്രസ്തുത പദ്ധതികൾക്കായി www.kriis.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ സജ്ജമാക്കി സബ്സിഡി നൽകിവരുന്നു.

കേരളത്തിലുടനീളമുള്ള സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി വിദ്യാർത്ഥികളടക്കമുള്ള യുവ സംരംഭകരുടെ നൂതനവും വ്യാപാര യോഗ്യമായ സംരംഭങ്ങൾക്ക് കെ.എസ്.ഐ.ഡി.സി സീഡ്ഫണ്ട് അസ്സിസ്റ്റൻസ് പദ്ധതി വഴി ഇരുപത്തഞ്ചുലക്ഷം രൂപവരെ മൂലധനസഹായം നൽകി വരുന്നു.

ഇതുകൂടാതെ മിനിമം വയബിൾ പ്രോഡക്ട് വികസിപ്പിച്ച് മാർക്കറ്റിൽ ഇറക്കുന്ന സ്റ്റാർട്ടപ്പ് കമ്പനികൾക്കു അവരുടെ പദ്ധതികൾ വിപുലീകരിക്കുന്നതിനും, മാർക്കറ്റ് വികസിപ്പിക്കുന്നതിനും മാസ് പ്രൊഡക്ഷനും മറ്റുമായി കെ.എസ്.ഐ.ഡി.സി സ്കെയിൽ-അപ്പ്സപ്പോർട്ട് നൽകിവരുന്നു.

പുതിയ ചെറുകിട, ഇടത്തരം വൻകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് കെ.എസ്.ഐ.ഡി.സി കുറഞ്ഞ പലിശ നിരക്കിൽ (നിലവിൽ 8.5% - 10.5%) 6000 ലക്ഷം രൂപ വരെ വായ്പയായി നല്കി വരുന്നു.

സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുന്നത് സുഗമമാക്കുന്ന ലക്ഷ്യത്തോടുകൂടി, കിൻഫ്രയും കെ.എസ്.ഐ.ഡി.സി-യും ചേർന്ന് യൂണിഫൈഡ് ലാൻഡ് ലീസ് പോളിസിക്ക് രൂപം കൊടുത്തിട്ടുണ്ട്.

സ്റ്റാർട്ടപ്പ് സംരംഭം ആരംഭിക്കുന്നതിന് മുന്നോട്ട് വരുന്നവർക്ക് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച ഉപദേശം നൽകുന്നതിനുള്ള സംവിധാനം സ്റ്റാർട്ടപ്പ് കോമ്മൺസിലൂടെ ലഭ്യമാക്കി വരുന്നു. സാങ്കേതികതയും നൂതനതയും അടിസ്ഥാനമാക്കിയതും സാമൂഹിക പ്രതിബദ്ധതയുമുള്ള ഉത്പ്പന്നങ്ങൾ സംബന്ധിച്ച ആശയം ആദ്യ മാതൃകയായി വികസിപ്പിക്കുന്നതിന് ഐഡിയ ഗ്രാന്റ് നൽകുന്ന ഇന്നവേഷൻ ഗ്രാന്റ് പദ്ധതിയും നിലവിലുണ്ട്. ഇതിലൂടെ കൂടുതൽ സംരംഭങ്ങൾ ഉണ്ടാവുകയും അതിലൂടെ തൊഴിലവസരങ്ങൾ വർദ്ധിക്കുന്നതിനുമുള്ള സാഹചര്യമുണ്ടാകുന്നു. സാങ്കേതികതയിലും സംരംഭകത്വത്തിലും വിദ്യാർത്ഥികൾക്ക് പ്രോത്സാഹനവും സഹായവും നൽകുന്നതിനായി കേരളത്തിലുടനീളമുള്ള എഞ്ചിനീയറിംഗ് ആർട്ട്സ് ആന്റ് സയൻസ്, പോളിടെക്നിക് കോളേജുകളിലായി 481 ഇന്നവേഷൻ ആന്റ് എന്റർപ്രണർഷിപ്പ് സെന്ററുകളും സ്ഥാപിച്ചിട്ടുണ്ട്.

കേരളത്തിൽ നിർമിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ അന്തർദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിന് സഹായിക്കുന്നതിനുമായി കേരള ബ്രാൻഡ് സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികളും കൂടാതെ സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ ഉല്പ്പന്നങ്ങൾ വിപണനം ചെയ്യാനായി Open Network for Digital Commerce (ONDC) യുടെ നെറ്റ് വർക്കിൽ സംരംഭങ്ങളെ ഓൺബോർഡ് ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ ഭൗമ സൂചിക ലഭിച്ചിട്ടുള്ള വിവിധ ഉൽപ്പന്നങ്ങളുടെ പ്രോത്സഹനത്തിനായും അവയ്ക്ക് അനുയോജ്യമായ വിപണി കണ്ടെത്തുന്നതിനായും ഇതിൽ നിന്നുള്ള ലാഭം യഥാർത്ഥ നിർമാതാക്കളിൽ എത്തിക്കുന്നതിനുമായി ഇത്തരം ഉല്പന്നങ്ങൾക്കായി ഒരു ജി.ഐ മാർക്കറ്റിങ്ങ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്.

എല്ലാ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും 4% പലിശയ്ക്ക് വായ്പ നൽകുവാൻ സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുമായി (SLBC) ചേർന്ന് കേരള എന്റർപ്രൈസസ് ലോൺ സ്കീം (KELS) അവതരിപ്പിച്ചിട്ടുണ്ട്.

മേൽ പറഞ്ഞവ കൂടാതെ താഴെപ്പറയുന്ന സാമ്പത്തിക സഹായ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. തകർച്ച നേരിടുന്നതും പ്രവർത്തന രഹിതവുമായ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾ, കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി

2. നിലവിലുള്ള എം.എസ്.എം.ഇ-കൾക്ക് കയറ്റുമതി പ്രോത്സാഹനത്തിനുള്ള സഹായം.

3. സംസ്ഥാന സഹായത്തോടെയുള്ള ക്ലസ്റ്റർ വികസന പരിപാടി

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ആരംഭിച്ച വൻകിട വ്യവസായങ്ങൾ ഏതെല്ലാമാണ്; അവയുടെ വിശദാംശം ലഭ്യമാക്കുമോ?

(ബി) എറണാകുളം ജില്ലയിൽ അങ്കമാലി ബിസിനസ്സ് പാർക്കിൽ മുരള്യ പ്രോഡക്റ്റ്, മുരള്യ ലോജിസ്റ്റിക്സ്, ആർ.സി.സി. ന്യൂട്രാ ഫിൽ പ്രൈവറ്റ് ലിമിറ്റഡ് എന്നീ കമ്പനികൾക്കായി യഥാക്രമം 2, 2.605, 4.848 ഏക്കർ ഭൂമി അനുവദിച്ചിട്ടുണ്ട്. മുരള്യ ഗ്രൂപ്പിന്റെ പദ്ധതിക്ക് 100 കോടി രൂപ നിക്ഷേപവും 300 ഓളം തൊഴിലവസരങ്ങളുമാണ് വിഭാവനം ചെയ്തിരിക്കുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾ 2 വർഷത്തിനുള്ളിൽ പൂർത്തീകരിക്കുന്നതാണ്. ഭാരത് ബയോടെക്കിന്റെ സഹോദര സ്ഥാപനമായ ആർ.സി.സി. ന്യൂട്രാ ഫിൽ പ്രൈവറ്റ് ലിമിറ്റഡിന് പദ്ധതിക്ക് 50 കോടി രൂപയുടെ നിക്ഷേപവും 40-ഓളം തൊഴിലവസരങ്ങളുമാണ് വിഭാവനം ചെയ്തിരിക്കുന്നത്.

കണ്ണൂർ ജില്ലയിൽ, കെ.എസ്.ഐ.ഡി.സി-യുടെ വലിയവെളിച്ചം വ്യവസായ വളർച്ച കേന്ദ്രത്തിൽ അൽ-ഫാസ് വുഡ് പ്രോഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ്, സ്വിസ്റ്റൺ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, മിനാർ റീ-റോളിങ്ങ് മിൽസ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനികൾക്കായി യഥാക്രമം 9,3,16 ഏക്കർ ഭൂമി അനുവദിച്ചിട്ടുണ്ട്. അൽ-ഫാസ് വുഡ് പ്രോഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ്, സ്വിസ്റ്റൺ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്നീ കമ്പനികളുടെ പദ്ധതിക്ക് 86 കോടി രൂപയുടെ നിക്ഷേപവും 450 -ഓളം തൊഴിലവസരങ്ങളുമാണ് വിഭാവനം ചെയ്തിരിക്കുന്നത്. മിനാർ റീ-റോളിങ്ങ് മിൽസ് പ്രൈവറ്റ് ലിമിറ്റഡിന്റെ പദ്ധതിക്ക് 210 കോടി രൂപയുടെ നിക്ഷേപവും 900 -ഓളം തൊഴിലവസരങ്ങളുമാണ് വിഭാവനം ചെയ്തിരിക്കുന്നത്.

കിൻഫ്രയിൽ അനുവദിച്ച പ്രധാന കമ്പനികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| COMPANY | KINFRA PARK | INVESTMENT IN CR | EMPLOYMENT GENERATION |
|---|---|---|---|
| TCS | EMC, Kochi | 600 | 3000 |
| TATA Elxsi Ltd | KFVP, Trivandrum | 75 | 2500-5000 (in phased manner) |
| GenRobotic Innovations Pvt Ltd | KINFRA, Film & Video Park | 10.31 | 100 |
| V - Guard Ltd | EMC, Kochi | 50 | 350 |
| Agappe | EMC, Kochi | 9.3 | 200 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | Diagnostics Pvt Ltd. | | | |
| | | | | Trans-Asian Shipping Co. | EMC, Kochi | 29.03 | 80 |
| | | | | Hykon | EMC, Kochi | 40 | 100 |
| | | | | Vinvish Technologies Pvt Ltd | KIAP, Trivandrum | 155 | 1000 |
| | | | | Jolly Coates | Petrochemical Park, Kochi | 38 | 130 |
| | | | | Vensure HCM | KFVP Trivandrum | 5 | 150 |
| | | | | Jayanthi SMP Tea Private Ltd | Megafood Park, Palakkad | 30 | 50 |
| | | | | G Vein Medic Pvt Ltd | Defence Park, Ottapalam | 24 | 200 |
| | | | | Veins India Life Science Pvt Ltd | Defence Park, Ottapalam | 7 | 72 |
| | | | | Climate Natural Spices Pvt Ltd | KINFRA Spices Park, Idukki | 17 | 100 |
| | | | | Muraco Infotech Pvt Ltd | SDF, Advanced Technology Park, Ramanattukara | 2 | 40 |
| | | | | D- Space | KFVP, Trivandrum | 15 (in phased manner) | 50 (in phased manner) |

സെക്ഷൻ ഓഫീസർ